I/103379/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/3310/2023-ICDSA4

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 01-07-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**പരിപത്രം**

വിഷയം:- വനിത ശിശുവികസന വകുപ്പ്- മഴക്കാലം- അങ്കണവാടികളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ - മാർഗ്ഗ നിർദേശങ്ങൾ സംബന്ധിച്ച്:-

സൂചന:- വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ നിർദേശം.

സംസ്ഥാനത്ത് കാലവർഷം ആസന്നമായ സാഹചര്യത്തിൽ കാലവർഷ കെടുതികൾ ലഘൂകരിക്കാനും ഇതു മൂലമുണ്ടാകുന്ന അപകടങ്ങളും മരണങ്ങളും ഒഴിവാക്കുന്നതിനും വനിത ശിശുവികസന വകുപ്പിന്റെ കീഴിലുള്ള അങ്കണവാടി കേന്ദ്രങ്ങളിൽ സ്വീകരിക്കേണ്ടതായ മുൻകരുതലുകൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. മഴക്കാലത്തുണ്ടാകുന്ന പകർച്ചവ്യാധികൾ ഇല്ലായ്മ ചെയ്യുന്നതിനായി അങ്കണവാടിയും, അങ്കണവാടി പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.
2. അങ്കണവാടി പരിസരത്ത് അപകടകരമായ രീതിയിൽ നിലനിൽക്കുന്ന മരങ്ങളോ ചില്ലകളോ ഉണ്ടെങ്കിൽ അവ മുറിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
3. അങ്കണവാടികളിലെ കുടിവെള്ള ടാങ്കുകൾ കൃത്യസമയങ്ങളിൽ വൃത്തിയാക്കണം .
4. ശുദ്ധജലം സൂക്ഷിക്കുന്ന ടാങ്കുകൾ, പാത്രങ്ങൾ എന്നിവ വൃത്തിയാക്കി അടച്ച് സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം .
5. കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ ശുദ്ധജലം മാത്രമേ, മഴക്കാലത്ത് പ്രത്യേകിച്ചും നൽകുവാൻ പാടുള്ളൂ.
6. കൈ കഴുകുമ്പോൾ സോപ്പ്/സോപ്പ് ലായനി ഉപയോഗിക്കണം .
7. അങ്കണവാടിക്ക് ചുറ്റും കൊതുക് വളരുന്ന സാഹചര്യം ഒഴിവാക്കുക .
8. ഇലക്ട്രിക് വയറുകൾ , സ്വിച്ചുകൾ തുടങ്ങിയവ കുട്ടികൾക്ക് തൊടാവുന്ന തരത്തിൽ അല്ല എന്ന് ഉറപ്പുവരുത്തണം .
9. ഏതെങ്കിലും പ്രവർത്തനങ്ങൾക്കായി കുട്ടികളെ പുറത്തിറക്കേണ്ട സാഹചര്യം ഉണ്ടായാൽ കുട്ടികൾ മഴ നനയാതിരിക്കുവാനും, അസുഖങ്ങൾ ഉണ്ടാകാതിരിക്കുവാനും ശ്രദ്ധിക്കണം .
10. തുമ്മുമ്പോഴും ചുമക്കുമ്പോഴും വായും മൂക്കും മൂടുന്നതിനും തൂവാല ഉപയോഗിക്കുന്നതിനും കുട്ടികളെ പരിശീലിപ്പിക്കാൻ അങ്കണവാടിജീവനക്കാർ ശ്രമിക്കണം.
11. ശുചിമുറികൾ bleeching powder ഉപയോഗിച്ച് കൃത്യസമയങ്ങളിൽ വൃത്തിയാക്കണം .
12. മഴക്കാലത്തുണ്ടാകുന്ന രോഗലക്ഷണങ്ങൾ മനസ്സിലാക്കുന്നതിനും തടയുന്നതിനും അങ്കണവാടി പ്രവർത്തകർക്ക് ആരോഗ്യവകുപ്പ് മുഖേന പരിശീലനം നൽകുന്നതിന് CDPO മാർ നടപടി സ്വീകരിക്കേണ്ടതാണ്. കുട്ടികളിൽ ഇത്തരം രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ അടുത്തുള്ള ആരോഗ്യകേന്ദ്രവുമായി അങ്കണവാടി പ്രവർത്തകർ ബന്ധപ്പെടേണ്ടതാണ്.
13. ഡ്രൈ ഡേ ആചരിക്കുക തുടങ്ങി ആരോഗ്യവകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

ടി മാർഗ്ഗനിർദ്ദേശങ്ങൾ അങ്കണവാടി പ്രവർത്തകർ നടപ്പിലാക്കുന്നുണ്ടെന്ന്

I/103379/2023

CDPO/Supervisor മാർ ഉറപ്പുവരുത്തേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ അങ്കണവാടി കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ്തല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

വനിത ശിശു വികസന ഡയറക്ടർ

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും

Signed by Priyanka G
Date: 01-07-2023 14:02:07